GOVERNMENT OF KERALA

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് - **വേതന വിതരണം - പകരം സംവിധാനം ഏർപ്പെടുത്തിയ ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ്** പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയം ഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ) നം: 3110/2012/തസ്വഭവ തിരുവനന്തപുരം,തീയതി, 08/11/2012

---

പരാമർശം :-(1). **തൃശ്ശൂർ ജില്ലാ കളക്ടർ & ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ 06/09/2012 ലെ ബി.2586/എം.ജി.എൻ.ആർ.ഇ.ജി.എസ്/12 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്**

(2). മിഷൻ ഡയറക്ടറുടെ 05/10/2012 ലെ **19386/E.G.S2/12/സി.ആർ.ഡി. നമ്പർ കത്ത്**

**ഉത്തരവ്**

**തൃശ്ശൂർ ജില്ലയിലെ** വരന്തരപ്പിള്ളി ഗ്രാമ**പഞ്ചായത്തിൽ പ്രസിഡന്റ് ഉൾപ്പടെ ഭൂരിപക്ഷം** ഗ്രാമപഞ്ചായത്തംഗങ്ങളെയും ഗ്രാമസഭ **കൂടാത്തതിനാൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ** അയോഗ്യരാക്കിയതിനാൽ, **പ്രസിഡന്റിന്റെ പഞ്ചായത്ത് അംഗത്വം റദ്ദാവുകയും പ്രസിഡന്റും സെക്രട്ടറിയും സംയുക്തമായിട്ട് ഓപ്പറേറ്റ് ചെയ്യുന്ന തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും വേതനം വിതരണം നടത്തുന്നതിൽ തടസ്സം നേരിടുകയും സമയബന്ധിതമായി വേതന വിതരണം നടത്താൻ സാധിക്കാതെ വരികയും ചെയ്ത സാഹചര്യത്തിൽ തൊഴിലുറപ്പ് നിയമത്തിന്റെ ലംഘനമാകുമെന്നതിനാൽ തൊഴിലുറപ്പ് പദ്ധതിയുടെ ജോയിന്റ് അക്കൗണ്ട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും എന്നതിനുപകരം ബ്ലോക്ക് പ്രോഗ്രാം ഓഫീസറും** വരന്തരപ്പിള്ളി ഗ്രാമ**പഞ്ചായത്ത് സെക്രട്ടറിയും എന്ന നിലയിൽ ഓപ്പറേറ്റ് ചെയ്യുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർ & ജില്ലാ പ്രോഗ്രാം കോഡിനേറ്റർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായും ടി നടപടിക്ക് സാധൂകരണം നൽകണമെന്നും പരാമർശം (2) ൽ മിഷൻ ഡയറക്ടർ അപേക്ഷിച്ചിരുന്നു.**

**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതിയ പഞ്ചായത്ത് പ്രസിഡന്റിനെ തിരഞ്ഞെടുക്കുംവരെ ജില്ലാ പ്രോഗ്രാം കോഡിനേറ്ററുടെ മേൽ പരാമർശിച്ചിട്ടുള്ള നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
**റ്റി.ജെ. മാത്യു,**
**സെക്രട്ടറി**

1. **ജില്ലാ കളക്ടർ, തൃശ്ശൂർ**
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം.
3. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
4. സെക്രട്ടറി, വരന്തരപ്പിള്ളി **ഗ്രാമപഞ്ചായത്ത്**
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ, ഓഫീസ് കോപ്പി.

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**